(3455) മത്സ്യത്തൊഴിലാളികളുടെ ബന്ധുക്കൾക്ക് നഷ്ടപരിഹാരം

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. എം.കെ. മുനീർ :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടമരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ബന്ധുക്കൾക്ക് നൽകിവരുന്ന നഷ്ടപരിഹാരത്തുക എത്രയാണ്;

(ബി) ഇത് വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ;

(സി) എങ്കിൽ എന്തുതുകയാണ് നൽകാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കി വരുന്ന ഇൻഷ്വറൻസ് പദ്ധതിപ്രകാരം 50,000 രൂപയും മത്സ്യഫെഡ് നടപ്പിലാക്കി വരുന്ന ജനതാ അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം 1.4.99 മുതൽ 1,50,000 രൂപയുമാണ് നൽകുന്നത്.

(ബി)ആന്റ്(സി) ബോർഡ് പുതിയ ഇൻഷ്വറൻസ് പോളിസി എടുക്കുമ്പോൾ ഇൻഷ്വറൻസ് സഹായം വർദ്ധിപ്പിക്കുവാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

മത്സ്യഫെഡ് നടപ്പിലാക്കിവരുന്ന ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള തുക വർദ്ധിപ്പിച്ചു കഴിഞ്ഞു.

(3456) ബോട്ടുകളുടെ സർവീസ് സെന്റർ

ശ്രീ. എം.കെ. മുനീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന യന്ത്രവൽകൃത ബോട്ടുകളുടെ എഞ്ചിനുകൾ സർവീസ് നടത്തുന്നതിന് സർവീസ് സെന്ററുകൾ എവിടെയെല്ലാമാണ് ഉള്ളത്;

(ബി) ഇപ്പോഴുള്ള സർവീസ് സെന്ററുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോ;

(സി) എങ്കിൽ എവിടെയെല്ലാമാണ് പുതുതായി സർവീസ് സെന്ററുകൾ ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)(ബി)&(സി) യന്ത്രവൽകൃത ബോട്ടുകളുടെ എൻജിൻ സർവീസിനായി സർവീസ് സെന്ററുകൾ ഫിഷറീസ് വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്നില്ല.

(3458) പൊയ്യ പഞ്ചായത്തിലെ ചെമ്മീൻകൃഷി

ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പൊയ്യ പഞ്ചായത്തിലെ സർക്കാർ ഉടമസ്ഥതയിലുള്ള ഫിഷ്ഫാമിൽ അടുത്ത സീസണിൽ മത്സ്യക്കൃഷി നടത്തേണ്ടതില്ലയെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ ഫിഷ്ഫാമിൽ മാർച്ച് മാസത്തിൽ നിക്ഷേപിച്ച ചെമ്മീൻ കുഞ്ഞുങ്ങളെ വളർച്ച പൂർത്തിയാക്കുന്നതിനുമുൻപ് പിടിച്ചെടുക്കേണ്ടി വന്നതുകാരണം നഷ്ടം സംഭവിച്ചിട്ടുണ്ടോ;

(സി) ഇപ്രകാരം നഷ്ടം സംഭവിച്ചതിനാലാണോ കൃഷി ഇറക്കേണ്ടതില്ലെന്ന് തീരുമാനിച്ചത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുമൂലം തൊഴിലാളികൾക്ക് തൊഴിലവസരം നഷ്ടപ്പെടും എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ സീസൺ ആരംഭിക്കുന്ന സമയത്ത് കൃഷി ഇറക്കി കാലവർഷം ആരംഭിക്കുന്നതിനു മുൻപ് വിളവ് എടുക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പൊയ്യ ഫാമിൽ കഴിഞ്ഞ ചെമ്മീൻകൃഷി സീസണിൽ ബഹു. സുപ്രീം കോടതി വിധിയനുസരിച്ച് 'പരിഷ്കൃത പരമ്പരാഗത ചെമ്മീൻ കൃഷി രീതി' പരീക്ഷണാർത്ഥം നടത്തുകയുണ്ടായി. എന്നാൽ ചെമ്മീൻകുഞ്ഞുങ്ങളെ വളർച്ച പൂർത്തിയാകുന്നതിനുമുൻപ് പിടിച്ചെടുക്കുകയുണ്ടായിട്ടില്ല. പതിവിന് വിപരീതമായി കാലവർഷം വളരെ മുൻപ് മുതൽ തന്നെ സംസ്ഥാനത്ത് ആരംഭിച്ചതുമൂലം ഫാമിലെ ജലത്തിന്റെ ലവണാംശത്തിന് പെട്ടെന്ന് കുറവുവന്നതിനാൽ ചെമ്മീനിന്റെ വളർച്ച പൂർണ്ണതോതിൽ ഉണ്ടായിട്ടില്ല. ഇതുമൂലം ചെമ്മീൻ വിളവെടുപ്പിൽ നിന്നും പ്രതീക്ഷിച്ചത്ര വരുമാനം ലഭിക്കാതെ വന്നു.

(സി) ചെമ്മീൻകൃഷി നടത്തേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടില്ല.

(ഡി) ഇല്ല.

(ഇ) അടുത്ത സീസണിലും പൊയ്യ ഫാമിൽ ചെമ്മീൻകൃഷി ഇറക്കുവാൻ 22.6.99-ൽ കൂടിയ 'അഡാക്കി'ന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ചെമ്മീൻകൃഷി ഇറക്കുമ്പോഴൊക്കെ പൂർണ്ണ വളർച്ചയെത്തുന്നമുറയ്ക്ക്, കാലവർഷം ആരംഭിക്കുന്നതിന് മുൻപുതന്നെയാണ് വിളവെടുപ്പ് നടത്തിവരുന്നത്. അടുത്ത സീസണിലും ഈ സമ്പ്രദായം തുടരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly